## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

23.01.2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.16

## സപ്ലൈകോ ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.വി.ആർ.സുനിൽ കുമാർ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) 2016-17 കാലയളവിൽ സപ്ലൈകോ ഡിപ്പോകളിൽ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്. ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷമാണ് സ്വീകരിക്കുന്നത്. ആവശ്യമായ സന്ദർഭങ്ങളിൽ ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും കോന്നിയിലുള്ള CFRD ലാബിലും പരിശോധന നടത്താറുണ്ട്. പരിശോധനയിൽ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തുന്ന ഭക്ഷ്യവസ്തുക്കൾ സ്വീകരിക്കാറില്ല. |
| (ബി) താലൂക്കുകളിൽ സി.എം.ആർ. അരി വിതരണം നടത്തിയത് സംബന്ധിച്ച് വിശദമാക്കുമോ; | (ബി) 2016-17 കാലഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ എല്ലാ താലൂക്കുകളിലും സി.എം.ആർ. അരി വിതരണം നടത്തിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ മലപ്പുറം ജില്ലയിലെ എല്ലാ താലൂക്കുകൾക്കും കൂടി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 2016 ജൂൺ മുതൽ 2016 ഡിസംബർ | 222188.6 MT |
| ജനുവരി 2017 | 10000 MT |
| ഫെബ്രുവരി 2017 | 35000 MT |
| മാർച്ച് 2017 | 25000 MT |
| ഏപ്രിൽ 2017 | 30000 MT |

| | |
|---|---|
| മെയ് 2017 | 40000 MT |
| ജൂൺ 2017 | 25000 MT |
| ജൂലൈ 2017 | 30000 MT |
| ആഗസ്റ്റ് 2017 | 45000 MT |
| സെപ്റ്റംബർ 2017 | 29000 MT |
| ഒക്ടോബർ 2017 | 38890.85 MT |

(സി) താലൂക്ക് ഡിപ്പോകളിൽ ഗുണനിലവാര പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; പരിശോധനയിൽ ഗുണനിലവാരക്കുറവ് കണ്ടെത്തിയിട്ടുണ്ടോ;

(സി) മില്ലുകളിൽ ഗുണനിലവാര പരിശോധന നടത്തിയതിനുശേഷമാണ് ഭക്ഷ്യധാന്യങ്ങൾ സ്വീകരിക്കുന്നത്.

(ഡി) മോശമായ അരി വിതരണം ചെയ്ത മില്ലുകൾ ഏതൊക്കെയാണ്; ആയവക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ?

(ഡി) പള്ളിക്കൽ അഗ്രോ മിൽസ്, ഡയമണ്ട് ഫുഡ് പ്രൊഡക്ട്സ്, അന്ന അഗ്രോ മിൽസ്, ചിറക്കൽ ഫുഡ് പ്രൊഡക്ട്സ്, കീർത്തി അഗ്രോ മിൽസ്, ജെ.എം.ജെ. മോഡേൺ റൈസ് മിൽ എന്നിവയാണ് മോശമായ അരി വിതരണം ചെയ്ത മില്ലുകൾ. കീർത്തി അഗ്രോ മിൽസ്, ചിറക്കൽ ഫുഡ് പ്രൊഡക്ട്സ് എന്നീ മില്ലുകൾ സപ്ലൈകോ വിജിലൻസ് ഓഫീസർ പരിശോധിക്കുകയും പ്രോസസ്സിംഗ് ചാർജ് കണ്ടുകെട്ടുവാൻ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പരിശോധനയിൽ മോശമായ അരി കണ്ടെത്തിയതിനെ തുടർന്ന് ജെ.എം.ജെ. മോഡേൺ റൈസ് മില്ലിനെ കരിമ്പട്ടികയിൽ പെടുത്തിയിട്ടുണ്ട്. മറ്റ് മില്ലുകളോട് സ്വന്തം ചെലവിൽ റീപ്രോസസ്സ് ചെയ്ത് നൽകുവാൻ ആവശ്യപ്പെടുകയും പ്രസ്തുത മില്ലുകൾ റീപ്രോസസ്സ് ചെയ്ത് മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ